ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 26.01.2025

പ്രധാന വാർത്തകൾ

TIME : 07.25 AM

1. ഇന്ന് 76-ാമത് റിപ്പബ്ലിക്ക് ദിനം; രാഷ്ട്രപതിയുടെ നേതൃത്വത്തിൽ വർണോജ്ജ്വലമായ റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം; ഇൻഡോനേഷ്യൻ പ്രസിഡൻ്റ് പ്രബോവോ സുബിയാന്തോ മുഖ്യാതിഥി. കേരളത്തിലും വിപുലമായ ആഘോഷ പരിപാടികൾ.

   **76th Republic Day Celebrations Today; Country Prepares for Colorful Republic Day Festivities under the Leadership of the President; Indonesian President Prabowo Subianto as Chief Guest. Grand Celebrations Across Kerala.**

2. 'ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്' ബിൽ സുസ്ഥിര ഭരണത്തിലേക്കുള്ള പരിവർത്തനപരമായ ചുവടുവയ്പ്പാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu hails 'One Nation One Election' Bill as transformative step toward consistent governance.**

3. 2025-ലെ പത്മ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു; എം ടി വാസുദേവൻ നായർക്ക് മരണാനന്തര ബഹുമതിയായി പത്മവിഭൂഷൺ.

   **Padma Awards for 2025 Announced; Nation Posthumously Honors M.T. Vasudevan Nair with Padma Vibhushan.**

4. ഏകീകൃത പെൻഷൻ പദ്ധതി രാജ്യത്ത് ഏപ്രിൽ ഒന്ന് മുതൽ പ്രാബല്യത്തിലെന്ന് കേന്ദ്രസർക്കാർ.

   **Unified Pension Scheme to Come into Effect Nationwide from April 1, Announces Central Government.**

5. വയനാട്ടിലെ കടുവ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് വനം മന്ത്രി എ.കെ ശശീന്ദ്രന്റെ അധ്യക്ഷതയിൽ പ്രത്യേക യോഗം.

**Special Meeting to be Held Today Under Minister A.K. Saseendran's Chairmanship Following Tiger Attack in Wayanad.**

&&&&&&&&&&&&&&&&&&

HEADLINE-1

# REPUBLIC DAY- GENERAL

ഇന്ന് രാജ്യത്തിന്റെ 76-ാമത് റിപ്പബ്ലിക്ക് ദിനം. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നേതൃത്വത്തിൽ ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ വർണോജ്വലമായ റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾ നടക്കും. ഇൻഡോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ ചടങ്ങിൽ മുഖ്യാതിഥിയാകും. ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യവും സൈനിക ശക്തിയും പ്രകടമാക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ കര - നാവിക-വ്യോമ സേനകൾക്കൊപ്പം പോലീസ്, അർധസൈനിക വിഭാഗം, NCC കേഡറ്റുകൾ തുടങ്ങിയ സംഘങ്ങൾ അണിനിരക്കും. പരേഡിൽ രാഷ്ട്രപതി അഭിവാദ്യം സ്വീകരിക്കും. രാജ്യത്തിന്റെ പ്രൗഢമായ പാരമ്പര്യവും സാംസ്കാരിക വൈവിധ്യവും നവീന മുന്നേറ്റങ്ങളും പ്രതിഫലിപ്പിക്കുന്ന നിശ്ചല ദൃശ്യങ്ങൾ ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടും. പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ ദേശീയ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിക്കും. റിപ്പബ്ലിക്ക് ദിനാഘോഷങ്ങളുടെ പശ്ചാത്തലത്തിൽ രാജ്യതലസ്ഥാനത്ത് സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കിയിട്ടുണ്ട്.

**********************************

HEADLINE-2

# PRESIDENT (INTRO)

'ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്' ബിൽ സുസ്ഥിര ഭരണത്തിലേക്കുള്ള പരിവർത്തനപരമായ ചുവടുവയ്പ്പാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. റിപ്പബ്ലിക് ദിനത്തിന്റെ തലേന്ന്

രാഷ്ട്രത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. രാജ്യത്തെ ഉയർന്ന സാമ്പത്തിക വളർച്ച, കൂടുതൽ പൗരന്മാരെ ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിച്ചതായി രാഷ്ട്രപതി പറഞ്ഞു.

(രാഷ്ട്രപതി വോയിസ്)

********************************

## PM - PREZ SPEECH

റിപ്പബ്ലിക് ദിനത്തിന് മുന്നോടിയായി രാജ്യത്തെ അഭിസംബോധന ചെയ്ത രാഷ്ട്രപതി ദ്രൗപദി മുർമുവിന് നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭരണഘടനയുടെ മഹത്വവും ദേശീയ പുരോഗതിക്കായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും രാഷ്ട്രപതി അഭിസംബോധനയിൽ എടുത്തു പറഞ്ഞതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

********************************

## SPEAKER - REPUBLIC DAY

76-ാമത് റിപ്പബ്ലിക് ദിനത്തിൽ ലോക്സഭാ സ്പീക്കർ ഓം ബിർള ആശംസകൾ നേർന്നു. 75 വർഷത്തെ മഹത്തായ യാത്രയിൽ രാജ്യം കൂടുതൽ ശക്തവും സമൃദ്ധവുമായി മാറിയെന്ന് അദ്ദേഹം പറഞ്ഞു. കാർഷികം മുതൽ കായികം വരെയും ഭൂമി മുതൽ ബഹിരാകാശം വരെയും ശ്രദ്ധേയമായ നിരവധി നേട്ടങ്ങൾ രാജ്യം കൈവരിച്ചതായും ശ്രീ ബിർള വ്യക്തമാക്കി.

********************************

## PRESIDENT GALLANTRY

റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് 942 പേർക്ക് ധീരതയ്ക്കും വിശിഷ്ടസേവനത്തിനുമുള്ള പുരസ്കാരം. 95 പേർക്കാണ് ധീരതയ്ക്കുള്ള പുരസ്കാരം. ബോർഡർ റോഡ് ഡെവലപ്മെന്റ് ബോർഡിൽ സേവനമനുഷ്ഠിച്ചിരുന്ന മലയാളി ജി.

വിജയൻകുട്ടിക്ക് മരണാന്തര ബഹുമതിയായി ശൗര്യചക്ര ലഭിച്ചു. കൊല്ലം ശാസ്താംകോട്ട സ്വദേശിയാണ്. കശ്മീരിൽ വീരമൃത്യുവരിച്ച കോഴിക്കോട് ഫറോക്ക് സ്വദേശി ലാൻസ് നായിക് പി. ആദർശിന് മരണാനന്തര ബഹുമതിയായി ധീരതയ്ക്കുള്ള സേനാ മെഡൽ ലഭിച്ചു. വിശിഷ്ടസേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലിന് ഇൻറലിജൻസ് ADGP പി.വിജയൻ അർഹനായി. അഗ്നിരക്ഷാ സേനയിലെ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ ജി. മധുസൂദനൻ നായർ, സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ കെ രാജേന്ദ്രൻ പിള്ള എന്നിവർക്കും വിശിഷ്ട സേവാ മെഡൽ ലഭിച്ചു. സ്തുത്യർഹ സേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡലിന് സംസ്ഥാനത്ത് നിന്നും 10 പേർ അർഹരായി.

*********************************

## PREZ-TATRAKSHAK MEDAL

റിപ്പബ്ലിക്ക് ദിനത്തോട് അനുബന്ധിച്ച് രാഷ്ട്രപതിയുടെ തത്രക്ഷക് മെഡലുകൾക്ക് തീര സംരക്ഷണ സേന അംഗങ്ങൾ അർഹരായി. വിശിഷ്ട സേവനം, പ്രതിബദ്ധത എന്നിവ കണക്കിലെടുത്താണ് പുരസ്കാരം. ഓപ്പറേഷൻ രക്ഷക്, ഓപ്പറേഷൻ സ്നോ ലെപ്പേർഡ്, ഓപ്പറേഷൻ സഹായത തുടങ്ങിയവയിൽ പങ്കെടുത്തവരും ഇക്കുറി രാഷ്ട്രപതിയുടെ മെഡലിന് അർഹരായിട്ടുണ്ട്.

*********************************

**HEADLINE-3**

## PADMA AWARDS

2025-ലെ പത്മ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഏഴ് പത്മവിഭൂഷൺ, 19 പത്മഭൂഷൺ, 113 പത്മശ്രീ എന്നിങ്ങനെ 139 പുരസ്കാരങ്ങൾക്കാണ് രാഷ്ട്രപതി അംഗീകാരം നൽകിയത്. പുരസ്കാരം നേടിയവരിൽ 23 പേർ വനിതകളാണ്.

എഴുത്തുകാരൻ എം ടി വാസുദേവൻ നായർ, സുസുക്കി മോട്ടോർ കോർപ്പറേഷൻ മുൻ ചെയർമാൻ ഒസാമു സുസുക്കി, ഗായിക ശാരദാ സിൻഹ എന്നിവർക്ക് മരണാനന്തര ബഹുമതിയായി പത്മവിഭൂഷൺ നൽകി ആദരിച്ചു. ഗായകൻ പങ്കജ് ഉദാസ്, സാമ്പത്തിക ശാസ്ത്രജ്ഞൻ ബിബേക് ദെബ്രോയ് എന്നിവർക്ക് മരണാനന്തര ബഹുമതിയായി പത്മഭൂഷൺ നൽകി. ഹോക്കി താരം പിആർ ശ്രീജേഷിനും പത്മഭൂഷൺ പുരസ്കാരം ലഭിച്ചിട്ടുണ്ട്. ക്രിക്കറ്റ് താരം ആർ അശ്വിനും ഫുട്ബോൾ താരം ഐഎം വിജയനും പത്മശ്രീ പുരസ്കാരത്തിന് അർഹരായി.

*********************************

## PM-PADMA AWARDEES

പത്മ പുരസ്കാര ജേതാക്കളെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഓരോ പുരസ്കാര ജേതാവും കഠിനാധ്വാനത്തിന്റെയും അഭിനിവേശത്തിന്റെയും പുതുമയുടെയും പര്യായമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

*********************************

## GOVERNOR, CM-REPUBLIC DAY

ലോകമെമ്പാടുമുള്ള കേരളീയർക്ക് റിപ്പബ്ലിക് ദിനാശംസകൾ നേർന്ന് ഗവർണറും മുഖ്യമന്ത്രിയും. വികസിതഭാരതം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ എല്ലാവരുടേയും അക്ഷീണപ്രവർത്തനം ഉണ്ടാകണമെന്ന് ഗവർണർ അഭിപ്രായപ്പെട്ടു. നാടിന്റെ നന്മയ്ക്കും ശോഭനമായ ഭാവിക്കുമായി ഒറ്റക്കെട്ടായി നിൽക്കാമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ റിപ്പബ്ലിക് ദിന സന്ദേശത്തിൽ പറഞ്ഞു.

*********************************

## REPUBLIC DAY-KERALAM

റിപ്പബ്ലിക്ക് ദിനാഘോഷത്തിനൊരുങ്ങി സംസ്ഥാനവും. രാജ് ഭവനിൽ രാവിലെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ദേശീയ പതാക ഉയർത്തും. നിയമസഭയിൽ സ്പീക്കർ എ.എൻ. ഷംസീർ ദേശീയ പതാക ഉയർത്തും. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായുള്ള ഹരിത പ്രഖ്യാപനങ്ങൾ റിപ്പബ്ലിക് ദിനത്തിൽ നടക്കും. മന്ത്രിമാരും ജനപ്രതിനിധികളും വിവിധ ജില്ലകളിൽ പ്രഖ്യാപനങ്ങൾ നിർവഹിക്കും.

**********************************

## MAHAKUMBH - REPUBLIC DAY

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഇന്ന് മഹാകുംഭമേളയിൽ പ്രത്യേക സാംസ്കാരിക ഘോഷയാത്ര നടക്കും. ഗംഗാ പവലിയനിലാണ് പ്രധാന പരിപാടി. "ഗംഗ, യമുന, സരസ്വതി, ത്രിവേണി എന്നീ നാല് പവലിയനുകളിലായി ഉത്തർപ്രദേശ് സാംസ്കാരിക വകുപ്പ് വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതുവരെ പതിനൊന്ന് കോടിയോളം തീർത്ഥാടകർ മഹാകുംഭമേളയിൽ പങ്കെടുത്തതായാണ് കണക്ക്.

**********************************

HEADLINE-4

## CENTRE- UPS

രാജ്യത്ത് ഏകീകൃത പെൻഷൻ പദ്ധതി ഏപ്രിൽ ഒന്നു മുതൽ നിലവിൽ വരുമെന്ന് കേന്ദ്രസർക്കാർ. കഴിഞ്ഞ വർഷം ആഗസ്റ്റിലാണ് കേന്ദ്രം പദ്ധതി അവതരിപ്പിച്ചത്. NPS പരിരക്ഷയുള്ള കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ആയിരിക്കും പദ്ധതിയ്ക്ക് അർഹത ഉണ്ടാവുക. എന്നാൽ ജീവനക്കാർക്ക് ഏകീകൃത പെൻഷൻ പദ്ധതി തിരഞ്ഞെടുക്കാതെ തന്നെ NPS ൽ തുടരാനും അവസരമുണ്ടാകും.

**********************************

## PREZ - SUBIANTO

ഇന്ത്യാ സന്ദർശനം തുടരുന്ന ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ രാഷ്ട്രപതി ഭവനിൽ ഒരുക്കിയ അത്താഴ വിരുന്നിൽ പങ്കെടുത്തു. ഇന്ത്യയും ഇന്തോനേഷ്യയും തമ്മിൽ ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ള കൂട്ടുകെട്ടാനുള്ളതെന്ന് സുബിയാന്തോയെ സ്വാഗതം ചെയ്ത രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും ഇന്തോനേഷ്യൻ പ്രസിഡന്റ് കൂടിക്കാഴ്ച നടത്തിയിരുന്നു. ഇരുരാജ്യങ്ങളും തമ്മിൽ ഡിജിറ്റൽ മേഖലയുടെ വികസനം, ആരോഗ്യ സഹകരണം, സമുദ്ര സുരക്ഷ, തുടങ്ങിയവ ഉൾപ്പെടെ അഞ്ച് ഉഭയകക്ഷി കരാറുകൾ ഒപ്പുവച്ചു.

**********************************

## RAJNATH SINGH - VEER GATHA (INTRO)

വീര ഗാഥാ 4.0 ൻറെ ഭാഗമായുള്ള സൂപ്പർ -100 ജേതാക്കളെ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്നലെ അനുമോദിച്ചു. രാജ്യത്തെ ധീരരുമായി, കുട്ടികളെ ബന്ധിപ്പിക്കാനുള്ള വീര ഗാഥയുടെ പ്രവർത്തനങ്ങളെ അദ്ദേഹം പ്രകീർത്തിച്ചു. 1.76 കോടി വിദ്യാർഥികൾ പങ്കെടുത്ത നാലാം പതിപ്പിലെ വിജയികളിൽ 66 പെൺകുട്ടികളും ഉൾപ്പെടുന്നു.

(വോയിസ്)

**********************************

HEADLINE-5

## AK SASEENDRAN-WAYANAD TIGER

വയനാട് മാനന്തവാടിയിലെ കടുവ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് വനം മന്ത്രി എ.കെ. ശശീന്ദ്രന്റെ അധ്യക്ഷതയിൽ പ്രത്യേക യോഗം ചേരും. പഞ്ചാരകൊല്ലിയിലെ

ജനവാസ മേഖലയിലിറങ്ങിയ കടുവക്കായി തിരച്ചിൽ ഊർജ്ജിതമാക്കിയിട്ടുണ്ട്. കടുവയെ വെടി വെച്ച് കൊല്ലണം എന്ന് ആവശ്യപ്പെട്ട് പ്രദേശവാസികളുടെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധം അവസാനിപ്പിച്ചു. വയനാട് എ.ഡി.എമ്മുമായി നടത്തിയ ചർച്ചയിൽ ജനങ്ങളുടെ ആവശ്യം നടപ്പാക്കുമെന്ന് ഉറപ്പ് നൽകിയതോടെയാണ് പ്രതിക്ഷേധം അവസാനിച്ചത്.

*********************************

## DIRECTOR SHAFI

പ്രശസ്ത സംവിധായകൻ ഷാഫി കൊച്ചിയിൽ അന്തരിച്ചു. 56 വയസ്സായിരുന്നു. കുറച്ചു ദിവസങ്ങളായി ചികിത്സയിലായിരുന്നു. മായാവി, കല്യാണരാമൻ, ചട്ടമ്പിനാട് ഉൾപ്പെടെ പല ജനപ്രിയ സിനിമകളുടെയും സംവിധായകൻ ആയിരുന്നു. കബറടക്കം ഇന്ന് വൈകിട്ട് കലൂർ മുസ്ലിം ജമാഅത്ത് പള്ളിയിൽ നടക്കും.

*********************************

## CRICKET

ഇംഗ്ലണ്ടിനെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യയ്ക്ക് രണ്ടു വിക്കറ്റിൻറെ ഉജ്ജ്വല വിജയം. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ ഇംഗ്ലണ്ട് 165 റൺസ് എടുത്തു. മറുപടി ബാറ്റിങ്ങിൽ ഇന്ത്യ നാല് പന്ത് ശേഷിക്കെയാണ് ലക്ഷ്യം മറികടന്നത്. ഇതോടെ അഞ്ചു മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 2-0 നു മുന്നിലെത്തി. മൂന്നാം മത്സരം മറ്റന്നാൾ രാജ്കോട്ടിൽ നടക്കും.

*

*****************

**********************************************